പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 1550

21/01/2014 ൽ
മറുപടിക്ക്

## രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം എന്നുമുതൽ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; ആയതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ; | (എ) രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം ജോലികൾ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ഇതിനായി ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ആർട്ട് ഗ്യാലറി, മ്യൂസിയം, ഹാളുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |
| (ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിനു വേണ്ടി കേന്ദ്രസർക്കാരിന് ലളിതകലാ അക്കാദമി സമർപ്പിച്ച പ്രോജക്ടിനുമേൽ എന്ത് നടപടിയുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിനു വേണ്ടി കേന്ദ്രസർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടില്ല. |
| (സി) ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയായ സ്മാരകം ഇപ്പോൾ നാശത്തിന്റെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ